**മധുരമായ കുട്ടികളേ – ജ്ഞാനത്തിന്റെ ധാരണ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അന്തിമത്തിൽ നിങ്ങൾ ബാബയ്ക്ക് സമാനമാകും, ബാബയുടെ മുഴുവൻ ശക്തിയും നിങ്ങൾക്ക് സ്വാംശീകരിക്കാം.**

**ചോദ്യം –** ഏതു രണ്ടു വാക്കുകളുടെ സ്മൃതിയിലൂടെയാണ് സ്വദർശനചക്രധാരിയായി മാറാൻ സാധിക്കുക?
**ഉത്തരം –** ഉയർച്ചവും വീഴ്ചയും, സതോപ്രധാനവും തമോപ്രധാനവും, ശിവാലയവും വേശ്യാലയവും. ഈ രണ്ട്–രണ്ട് കാര്യങ്ങൾ സ്മൃതിയിലിരിക്കുകയാണെങ്കിൽ സ്വദർശനചക്രധാരിയായിത്തീരുവാൻ സാധിക്കും. നിങ്ങൾ കുട്ടികൾ ഇപ്പോൾ ഈ ജ്ഞാനത്തെ യഥാർത്ഥ രീതിയിൽ അറിയുന്നു. ഭക്തിയിൽ ജ്ഞാനമില്ല, കേവലം മനസ്സിനെ സന്തോഷിപ്പിക്കുവാനുള്ള കാര്യങ്ങളാണ് ചെയ്യുന്നത്. ഭക്തിമാർഗ്ഗം തന്നെ മനസ്സിനെ സന്തോഷിപ്പിക്കുവാനുള്ള മാർഗ്ഗമാണ്.

**ഓംശാന്തി**. മധുര–മധുരമായ ആത്മീയ കുട്ടികളെ പ്രതി ബാബ മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളോടായി ബാബ പറയുന്നു, നിങ്ങൾ എത്ര ഉയർന്നവരായിരുന്നു. ഉയർച്ചയുടെയും വീഴ്ചയുടെയും കളിയാണിത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ എത്ര ഉത്തമരും പവിത്രവുമായിരുന്നു. ഇപ്പോൾ എത്ര നീചരായിരിക്കുകയാണ്. ദേവീ–ദേവതകളുടെ മുന്നിൽ പോയി നിങ്ങൾ തന്നെയാണ് പറഞ്ഞിരുന്നത്, അങ്ങ് ഉയർന്നവരും ഞങ്ങൾ നീചരുമാണെന്ന്. ആദ്യമാദ്യം ഇതറിഞ്ഞിരുന്നില്ല ഉയർന്നതിലും ഉയർന്ന നമ്മൾ തന്നെയാണ് ഇപ്പോൾ നീചരായിരിക്കുന്നുവെന്ന്. ഇപ്പോൾ ബാബ നിങ്ങളോട് പറയുന്നു– മധുര–മധുരമായ കുട്ടികളെ– നിങ്ങൾ എത്ര ഉയർന്നവരും പവിത്രവുമായിരുന്നു. ഇപ്പോൾ എത്ര അപവിത്രമായിരിക്കുകയാണ്. പവിത്രമായവരേയാണ് ഉയർന്നവർ എന്ന് പറയുന്നത്, അവരുടെ ലോകം നിർവ്വികാരീ ലോകമാണ്. അവിടെ നിങ്ങളുടെ രാജ്യമായിരുന്നു. ഇപ്പോൾ വീണ്ടും ആ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാബ കേവലം സൂചന നൽകുന്നു നിങ്ങൾ വളരെ ഉത്തമരും ശിവാലയം അഥവാ സത്യയുഗത്തിലെ നിവാസികളുമായിരുന്നു പിന്നീട് ജന്മം എടുത്തെടുത്ത് പകുതി കൽപ്പത്തി നുശേഷം നിങ്ങൾ വികാരത്തിലേക്ക് വീഴുമ്പോൾ പതിതമായി മാറുന്നു. അരക്കൽപ്പം പതിതമായിരുന്നു, ഇപ്പോൾ വീണ്ടും നിങ്ങൾക്ക് നിർവികാരിയും സതോപ്രധാനവുമായി മാറണം. രണ്ടക്ഷരം ഓർമ്മയിൽ വെക്കണം. ഇപ്പോൾ ഇത് തമോപ്രധാനലോകമാണ്. സതോപ്രധാന ലോകത്തിന്റെ അടയാളമാണ് ഈ ലക്ഷ്മീനാരായണന്മാർ, അയ്യായിരം വർഷത്തിന്റെ കാര്യമാണ്. സതോപ്രധാന ഭാരതത്തിലായിരുന്നു രാജ്യമുണ്ടായിരുന്നത്. ഭാരതം വളരെ ഉത്തമമായിരുന്നു, ഇപ്പോൾ കനിഷ്ടമാണ്. നിർവികാരിയിൽ നിന്നും വികാരിയായിമാറുന്നതിൽ നിങ്ങൾക്ക് 84 ജന്മമെടുക്കും പക്ഷേ അവിടേയും കലകൾ കുറഞ്ഞുകൊ ണ്ടിരിക്കും. എല്ലാവരേയും സമ്പൂർണ്ണ നിർവികാരികൾ എന്നാണ് പറയുക. ശ്രീകൃഷ്ണനേയാണ് ഏറ്റവും ആദ്യത്തെ സമ്പൂർണ്ണ നിർവികാരിയെന്ന് പറയുന്നത്. ശ്രീകൃഷണൻ സതോപ്രധാനമായിരുന്നു ഇപ്പോൾ തമോപ്രധാനം ആയിരിക്കുകയാണ്. നിങ്ങൾ ഇവിടെയിരിക്കുമ്പോൾ ബുദ്ധിയിൽ ഉണ്ടായിരിക്കണം നമ്മൾ ശിവാലയത്തിൽ വിശ്വത്തിന്റെ അധികാരികളായിരുന്നു. അപ്പോൾ മറ്റൊരു ധർമ്മം ഉണ്ടായിരുന്നില്ല, നമ്മുടെ മാത്രം രാജ്യമായിരുന്നു പിന്നീട് രണ്ട് കല കുറവായി. അല്പാല്പം കലകൾ കുറഞ്ഞ് പിന്നീട് ത്രേതായുഗത്തിലാണ് രണ്ട് കലകൾ കുറവായത്. പിന്നീട് വികാരിയായിമാറി അധ:പതിച്ച് മോശമായിത്തീർന്നു. ഇതിനെയാണ് വികാരി ലോകമെന്ന് പറയുന്നത്. വിഷയവൈതരണി നദിയിൽ മുങ്ങിത്താണു കൊണ്ടിരിക്കുന്നു. അവിടെ ക്ഷീരസാഗരത്തിലാണ് വസിക്കുക. നിങ്ങൾ മുഴുവൻ സൃഷ്ടിയുടെ ചരിത്രം–ഭൂമിശാസ്ത്രം, തന്റെ 84 ജന്മങ്ങളുടെ കഥയെക്കുറിച്ചും മനസ്സിലാക്കി കഴിഞ്ഞു. നമ്മൾ നിർവ്വികാരികളായിരുന്നപ്പോൾ, ഇവരുടെ (ലക്ഷ്മി–നാരായണന്റെ) രാജ്യത്തിലായിരുന്നു. പവിത്രമായ രാജധാനിയായിരുന്നു, അതിനെ ഫുൾ സ്വർഗ്ഗമെന്നു പറയുന്നു, പിന്നീട് ത്രേതായുഗത്തിനെ സെമി(പകുതി) സ്വർഗ്ഗമെന്നു പറയുന്നു. ഇതെല്ലാം തന്നെ ബുദ്ധിയിലുണ്ടല്ലോ. ബാബ തന്നെയാണ് വന്ന് സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നത്. മധ്യത്തിലാണ് രാവണൻ വരുന്നത്. പിന്നീട് അന്തിമത്തിൽ ഈ വികാരി ലോകത്തിന്റെ വിനാശം സംഭവിക്കുന്നു. പിന്നീട് വീണ്ടും ആദിയിലേക്കു പോകുന്നതിനായി പവിത്രമായിത്തീരണം. സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. സ്വയത്തെ ദേഹമെന്നു മനസ്സിലാക്കരുത്. നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ പ്രതിജ്ഞ ചെയ്തിരുന്നു– ബാബാ, അങ്ങ് എപ്പോൾ വരുന്നുവോ ഞങ്ങൾ അങ്ങയുടേതു മാത്രമായിത്തീരും. ആത്മാവാണ് തന്റെ അച്ഛനോട് സംസാരിക്കുന്നത്. കൃഷ്ണനെ ഒരിക്കലും അച്ഛനെന്നു പറയുകയില്ല. ആത്മാക്കളുടെ അച്ഛൻ ഒരേയൊരു നിരാകാരനായ ശിവഭഗവാനാണ്. പരിധിയുള്ള അച്ഛനിൽ നിന്നും പരിധിയുള്ള സമ്പത്തും പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്തും ഭാരതത്തിനു ലഭിക്കുന്നു. അതുകൊണ്ടാണ് സത്യയുഗത്തെ

ശിവാലയമെന്നു പറയുന്നത്. ശിവബാബയാണ് വന്ന് ദേവതാധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിച്ചത്. ഇത് സദാ ഓർമ്മയിൽ വെക്കേണ്ടതായ കാര്യമാണ്. സന്തോഷത്തിന്റെ കാര്യമല്ലേ. ഇപ്പോൾ നമ്മൾ വീണ്ടും ശിവാലയത്തിലേക്ക് പോവുകയാണ്. ആരെങ്കിലും മരിക്കുകയാണെങ്കിൽ പറയുന്നു സ്വർഗ്ഗം പൂകിയെന്ന്. പക്ഷേ അങ്ങനെ ആരും തന്നെ പോകുന്നില്ല. ഇതെല്ലാം തന്നെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നതിനായുള്ള ഭക്തിമാർഗ്ഗത്തിലെ അന്ധവിശ്വാസമാണ്. നിങ്ങൾ കുട്ടികളാണ് സത്യം സത്യമായി സ്വർഗ്ഗത്തിലേക്ക് പോകുന്നത്. അവിടെ രോഗങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല. നിങ്ങൾ സദാ സന്തോഷത്തിലാണ് വസിക്കുന്നത്. അപ്പോൾ ബാബ എത്ര സഹജമായി ചെറിയ-ചെറിയ കുട്ടികൾക്കു മനസ്സിലാക്കി കൊടുക്കുന്ന രീതിയിലാണ് പറഞ്ഞു തരുന്നത്. നിങ്ങൾക്ക് പുറമെ എവിടെ ഇരുന്നു കൊണ്ടാണെങ്കിലും പദവി നേടാൻ സാധിക്കും. ഇതിൽ പവിത്രതയാണ് ഏറ്റവും മുഖ്യമായത്. കഴിക്കുന്നതും കുടിക്കുന്നതും ശുദ്ധമായിരിക്കണം. ദേവതകളുടെ മുന്നിൽ എപ്പോഴെങ്കിലും സിഗററ്റോ ബീഡിയോ ഭോഗ് വെക്കാറുണ്ടോ? ഗ്രന്ഥത്തിനു മുന്നിൽ എപ്പോഴെങ്കിലും മുട്ടയോ ബീഡിയോ ഭോഗ് വെക്കാറുണ്ടോ? ഗ്രന്ഥത്തെക്കുറിച്ച് മനസ്സിലാക്കാറുണ്ട്- ഇത് ഗുരു ഗോവിന്ദിന്റെ ശരീരമാണെന്ന്. ഗ്രന്ഥത്തിന് ഇത്രയ്ക്കും അംഗീകാരം നൽകുന്നുണ്ട്. ഇത് ഗുരുവിന്റെ ദേഹമാണെന്നാണ് സിക്ക് ധർമ്മത്തിലുള്ളവർ മനസ്സിലാക്കുന്നത്. പക്ഷേ ഗുരുനാനാക്കല്ല ഗ്രന്ഥം എഴുതിയത്. നാനാക്കിന്റെ അവതാരമെന്നാണ് പറയുന്നത്. സിക്കുകാരുടെ വൃദ്ധിയുണ്ടായി, പിന്നീടാണ് അവർ ഗ്രന്ഥം എഴുതിയത്. പിന്നീട് ഓരോരുത്തരായി സിക്ക് ധർമ്മത്തിലേക്ക് വരാൻ തുടങ്ങി. ആദ്യം ഗ്രന്ഥവും എത്രയും ചെറുതായിരുന്നു, കൈകൊണ്ട് എഴുതപ്പെട്ടതായിരുന്നു. ഗീതയെക്കുറിച്ച് മനസ്സിലാക്കുന്നു ഇത് കൃഷ്ണന്റെ രൂപമാണെന്ന്. എങ്ങനെയാണോ നാനാക്കിന്റെ ഗ്രന്ഥമെന്നു പറയുന്നത്, അതുപോലെ കൃഷ്ണന്റെ ഗീതയെന്നു പറയുന്നു. കൃഷ്ണ ഭഗവാനുവാച എന്നു തന്നെയാണ് പറയുന്നത്. ഇതിനെയാണ് അജ്ഞാനം എന്നു പറയുന്നത്. ജ്ഞാനം ഒരു പരമപിതാവായ പരമാത്മാവിലാണുള്ളത്. ഗീതയിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്. ഈ ജ്ഞാനം ഓരേയൊരു ബാബയിൽ മാത്രമേ ഉള്ളൂ. ജ്ഞാനം പകലാണ് ഭക്തിയിലൂടെ രാത്രി ഉണ്ടാവുന്നു. ഇപ്പോൾ ബാബ പറയുന്നു ആത്മാവിനെ പാവനമാക്കണം, അതിനുവേണ്ടി പ്രയത്നിക്കണം. ജ്ഞാനത്തെ ഒറ്റയടിക്ക് ഇല്ലാതാക്കുന്ന രീതിയിൽ മായയുടെ കൊടുങ്കാറ്റ് വളരെ ശക്തമായി വരുന്നു. ആരോടും പറയാൻ തന്നെ കഴിയില്ല. ആദ്യം തന്നെ കാമ വികാരം വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഇതിൽ നിന്ന് മുക്തമാവാൻ തന്നെ സമയമെടുക്കും. സെക്കന്റിൽ ജീവൻമുക്തി ലഭിക്കുന്ന കാര്യമാണ്. കുട്ടി ജന്മമെടുത്ത ഉടൻ തന്നെ അധികാരിയായി മാറി. ശിവബാബ വന്നു എന്ന തിരിച്ചറിവ് നിങ്ങൾക്ക് ലഭിച്ചപ്പോൾ തന്നെ സമ്പത്തിന്റെ അവകാശിയായി. ഗീതയിലും ശിവബാബയുടെ മഹാവാക്യമാണ്, അതിൽ തന്നെയാണ് പറയുന്നത് എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ ഈ സാധാരണ ശരീരത്തിലേക്കാണ് വരുന്നത്. കൃഷ്ണൻ ഒരിക്കലും സാധാരണക്കാരനല്ല. കൃഷ്ണന്റെ ജനനം ഉണ്ടാകുമ്പോൾ തന്നെ പ്രകാശം പടരുന്നു. വളരെയധികം പ്രഭാവമുണ്ടാകുന്നു, അതുകൊണ്ടാണ് ഇപ്പോഴും ശ്രീകൃഷ്ണന് മഹിമയുള്ളത്. ബാക്കി ശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലുള്ളതാണ്. ഇംഗ്ലീഷിൽ ഫിലോസഫി എന്നു പറയും. ആത്മീയ അച്ഛനു മാത്രമേ ആത്മീയ ജ്ഞാനം നൽകാൻ സാധിക്കൂ. സ്വയം ഭഗവാൻ പറയുന്നു ഞാൻ നിങ്ങളുടെ ആത്മീയ പിതാവാണ്. ജ്ഞാന സാഗരനാണ് നിങ്ങൾ കുട്ടികളും ബാബയിൽ നിന്നാണ് പഠിച്ചു കൊണ്ടിരിക്കുന്നത്. ജ്ഞാനത്തെ ധാരണ ചെയ്തുകൊണ്ടിരിക്കുന്നു. പിന്നീട് അവസാനം ബാബയ്ക്ക് സമാനമായിത്തീരുന്നു. മുഴുവൻ ആധാരവും ധാരണയുടെ കാര്യത്തിലാണ്. പിന്നീട് അതിനുള്ള ശക്തി ലഭിക്കുന്നത് ബാബയുടെ ഓർമ്മയിലൂടേയാണ്. ഓർമ്മയെ ശക്തി അല്ലെങ്കിൽ മൂർച്ച എന്നു പറയുന്നു. വാളുകളിലും വ്യത്യാസമുണ്ടല്ലോ. ചില വാളുകൾക്ക് നൂറു രൂപയുടെ വിലയെയുള്ളൂ. ചിലത് 3000-4000 രൂപ വരെ വിലയുണ്ടാവും. ബാബ ഇതിന്റെ അനുഭവിയാണ്. വാളിന് വളരെയധികം ബഹുമാനമുണ്ട്. ഗുരു ഗോവിന്ദ് സിങ്ങിന്റെ വാളിന് എത്ര ബഹുമാനമാണ്. അപ്പോൾ നിങ്ങൾ കുട്ടികളിലും ഓർമ്മയുടെ ബലം ആവശ്യമാണ്. ജ്ഞാനമാകുന്ന വാളിൽ ഓർമ്മയാകുന്ന മൂർച്ചയുണ്ടെങ്കിലേ വളരെ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കൂ. ഡ്രാമ അനുസരിച്ചാണ് നിങ്ങൾ പ്രയത്നിച്ചുകൊണ്ടിരിക്കുന്നത്. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ, ഓർമ്മയിലൂടെ മാത്രമാണ് പാപം നശിക്കുന്നത്. പതിത പാവനനായ ബാബയാണ് യുക്തി പറഞ്ഞുതരുന്നത്. പിന്നീട് കൽപ്പത്തിനുശേഷവും വീണ്ടും വന്ന് നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. ബ്രഹ്മാബാബയെക്കൊണ്ട് സർവ്വതും ത്യാഗം ചെയ്യിച്ച് ഇതുപോലെ തന്റെ രഥമാക്കി മാറ്റുന്നു. നിങ്ങൾ കുട്ടികൾക്കും ആരംഭത്തിൽ എത്ര ആകർഷണമുണ്ടായിരുന്നു. എല്ലാവരും ഓടി വന്നു. ബാബയിൽ അത്രയ്ക്കും ആകർഷണമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്കും അതുപോലെ സമ്പൂർണ്ണമായി മാറണം. തീർച്ചയായും നമ്പർവൈസ് ആയിരിക്കും. ഇത് രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

സൃഷ്ടി ചക്രത്തെക്കുറിച്ച് മനസ്സിലാക്കിക്കഴിഞ്ഞു. സത്യയുഗം ആദി മുതൽ കലിയുഗം അന്തിമം വരേയും. ഇപ്പോൾ സംഗമയുഗമാണ്. തീർച്ചയായും പാവനമാക്കുന്നതിനായി ബാബയ്ക്കു വരേണ്ടിവരുന്നു. പാവനം

അർത്ഥം സതോപ്രധാനമാണ്. പിന്നീട് ആത്മാവിൽ കറ പറ്റി. ഇപ്പോൾ ആ കറയെ എങ്ങനെ ഇല്ലാതാക്കും? ആത്മാവ് സത്യമായിത്തീരുമ്പോൾ അതിന് ലഭിക്കുന്ന ആഭരണവും സത്യമായിരിക്കും അതായത് ശരീരം സതോപ്രധാനമായിരിക്കും. ആത്മാവ് എപ്പോഴാണോ അസത്യമാവുന്നത് അപ്പോൾ ശരീരം പതിതമായി ത്തീരുന്നു. ജ്ഞാനം ലഭിക്കുന്നതിനു മുമ്പ് ഇവരും(ബ്രഹ്മാബാബ) ഒരുപാട് നമിക്കുകയും വന്ദിക്കുകയും ചെയ്തിരുന്നു. ലക്ഷ്മീനാരായണന്റെ വലിയ എണ്ണഛായാചിത്രം ഇരിപ്പിടത്തിനു മുകളിലായി തൂക്കിയിരുന്നു. അതിനേത്തന്നെ വളരെ സ്നേഹത്തോടെ ഓർമ്മിച്ചിരുന്നു, മറ്റൊന്നിന്റേയും ഓർമ്മയുണ്ടായിരുന്നില്ല. പുറമേ മറ്റുചിന്തകളിലേക്ക് പോകുമ്പോൾ സ്വയത്തെത്തന്നെ ശിക്ഷിക്കുമായിരുന്നു. എന്തുകൊണ്ട് മനസ്സ് അലയുന്നു, എന്തുകോണ്ട് ദർശനം ലഭിക്കുന്നില്ല. ആ സമയത്ത് ബാബ ഭക്തീമാർഗ്ഗത്തിലായിരുന്നു. പിന്നീട് വിഷ്ണുവിന്റെ ദർശനം ലഭിച്ചപ്പോഴും നാരായണനായി മാറിയില്ലല്ലോ. അതിനുവേണ്ടി തീർച്ചയായും പുരുഷാർത്ഥം ചെയ്യണം, ലക്ഷ്യം തൊട്ടു മുന്നിൽ തന്നെയുണ്ട്. ബ്രഹ്മാബാബ ചൈതന്യത്തിലായിരുന്നു, ബാബയുടെത്തന്നെ ജഢചിത്രമാണ് ഉണ്ടാക്കിയത്. ബാബ വന്നിരിക്കുന്നത് പാവനമാക്കാനാണ് . നരനിൽനിന്നും നാരായണനാക്കുന്നു. നിങ്ങളും അവരുടെ രാജധാനിയിൽ ഉണ്ടായിരുന്നു. പിന്നീട് ഇതുപോലെയായി മാറാനുള്ള പുരുഷാർത്ഥം ചെയ്യണമെങ്കിൽ നല്ല രീതിയിൽ ഫോളോ ചെയ്യണം. ബ്രഹ്മാവിനെ ഒരിക്കലും ദേവത എന്നു പറയില്ല. വിഷ്ണു ദേവത എന്നുള്ളത് ശരിയാണ്. മനുഷ്യർക്ക് ഒന്നും തന്നെ അറിയില്ല. ഇങ്ങനെ പറയുന്നു ഗുരു ബ്രഹ്മാ, ഗുരു വിഷ്ണു. . . വിഷ്ണു ആരുടെ ഗുരുവാണ്? എല്ലാവരേയും ഗുരു എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ശിവപരമാത്മായേ നമഃ, ബാബയേയാണ് ഗുരു എന്നും പരമാത്മാവെന്നും പറയുന്നത്. ഏറ്റവും ഉയർന്നത് ബാബയല്ലേ. ബാബയിൽ നിന്നുമാണ് നമ്മൾ പഠിച്ചുകൊണ്ടിരിക്കുനത് മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുന്നതിനു വേണ്ടി. സദ്ഗുരു എന്താണോ നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്, അത് നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ഗുരുവിനെ ഒരിക്കലും അച്ഛനെന്നും ടീച്ചറെന്നും പറയില്ല. ഈ മുഴുവൻ ജ്ഞാനവും ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. നമ്മൾ ശിവാലയത്തിൽ ആയിരുന്നു, ഇപ്പോൾ വേശ്യാലയത്തിൽ പെട്ടിരിക്കുകയാണ്. ഇപ്പോൾ വീണ്ടും ശിവാലയത്തിലേക്ക് പോകണം. ആത്മാവ് ബ്രഹ്മത്തിൽ പോയി ലയിച്ചു, ജ്യോതി ജ്യോതിയിൽ മുഴുകി എന്നെല്ലാം പറയുന്നുണ്ടെങ്കിലും ആത്മാവ് അവിനാശിയാണ്. ഓരോരുത്തരിലും അവരവരുടേതായ പാർട്ട് അടങ്ങിയിട്ടുണ്ട്. എല്ലാവരും അഭിനേതാക്കളാണ്, അവർക്ക് തന്റേതായ പാർട്ട് അഭിനയിക്കുകതന്നെ വേണം. അതൊരിക്കലും ഇല്ലാതാകുന്നില്ല. മുഴുവൻ ലോകത്തിലുള്ള ഏതെല്ലാം ആത്മാക്കളുണ്ടോ അവർക്ക് പാർട്ട് അഭിനയിക്കണം. പുതിയതായി ഷൂട്ടിംഗ് ആരംഭിക്കുന്നതുപോലെ. പക്ഷെ ഇവിടെ അനാദി ഷൂട്ടിംഗ് കഴിഞ്ഞതാണ്. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കും. ഭൃകുടി മധ്യത്തിൽ തിളങ്ങുന്നത് വളരെ അത്ഭുതകരമായ നക്ഷത്രമാണ്. ഒരിക്കലും അത് മായുന്നില്ല. ഈ ജ്ഞാനം നിങ്ങളിൽ മുമ്പുണ്ടായിരുന്നില്ല. ലോകത്തിലെ മഹാത്ഭുതം സ്വർഗ്ഗമാണ്. ഹെവൻ അഥവാ സ്വർഗ്ഗം എന്ന പേര് കേൾക്കുമ്പോൾ തന്നെ ഹൃദയം സന്തോഷിക്കുന്നു. ഇപ്പോൾ സത്യയുഗമല്ല കലിയുഗമാണ്. അപ്പോൾ പുനർജന്മവും കലിയുഗത്തിൽ തന്നെയാണ് എടുക്കുന്നത്. എല്ലാവർക്കും തീർച്ചയായും പോകണം പക്ഷെ പതിത ആത്മാക്കൾക്ക് പോകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ യോഗബലത്തിലൂടെ പാവനമാവുകയാണ്. പാവനലോകം സ്ഥാപിക്കുന്നത് ഗോഡ്ഫാദറാണ്. പിന്നീട് രാവണൻ നരകത്തെ ഉണ്ടാക്കുന്നു. നരകം ഇപ്പോൾ പ്രത്യക്ഷമല്ലേ. രാവണനെ കത്തിക്കാറുണ്ട്. മനുഷ്യർ പറയുന്നു ഈ സമ്പ്രദായം അനാദിയായി ഉണ്ടായതാണ്. പക്ഷേ എപ്പോൾ മുതൽ ആരംഭിച്ചു എന്നത് ആർക്കും തന്നെ അറിയില്ല. ലക്ഷക്കണക്കിന് വർഷങ്ങൾ എന്നു പറഞ്ഞതുകൊണ്ട് പകുതി സമയം എന്നും പറയാൻ സാധിക്കില്ല. മനുഷ്യർ കലിയുഗം ഇനി വീണ്ടും 40,000 വർഷങ്ങളുണ്ടെന്ന് പറയുന്നു. മനുഷ്യർ ഘോരമായ അന്ധകാരത്തിലാണ്. അജ്ഞാന നിദ്രയിൽ നിന്നും ഉണരാൻ വളരെ ബുദ്ധിമുട്ടാണ്, ഉണരുന്നില്ല. ഇപ്പോൾ സംഗമയുഗമാണ് ഈ സമയത്താണ് ബാബ വന്ന് പാവനമാകുന്നതിനുള്ള യുക്തി പറഞ്ഞുതരുന്നത്. നിങ്ങൾ പാവനമാവുകയാണെങ്കിൽ പാവന ലോകം സ്ഥാപിക്കപ്പെടും. ഈ പതിത ലോകം നശിക്കുകയും ചെയ്യും. ഇപ്പോൾ ലോകം എത്ര വലുതാണ്. സത്യയുഗത്തിൽ ലോകം വളരെ ചെറുതായിരിക്കും. ഇപ്പോൾ മായയുടെ മേൽ വിജയം പ്രാപിച്ച് തീർച്ചയായും പാവനമാകണം. ബാബ പറയുന്നു മായ വളരെ വലിയ ശത്രുവാണ്. പാവനമാകുന്നതിൽത്തന്നെ അനേക പ്രകാരത്തിലുള്ള വിഘ്നങ്ങൾ ഉണ്ടാക്കുന്നു. പവിത്രമാകുന്നതിന് വേണ്ടി ധൈര്യം കാണിക്കുന്നു, പിന്നീട് മായ വന്ന് അവസ്ഥയെ എന്താക്കിയാണ് മാറ്റുന്നത്! മുഷ്ടി ചുരുട്ടി ഇടിച്ച് താഴേക്ക് വീഴ്ത്തുന്നു. സമ്പാദ്യത്തെത്തന്നെ നശിപ്പിക്കുന്നു. പിന്നീട് വളരെയധികം പ്രയത്നിക്കേണ്ടിവരുന്നു. ചിലരാണെങ്കിൽ വീണുപോയ ശേഷം മുഖം തന്നെ കാണിക്കില്ല. അവർക്ക് ഉയർന്ന പദവി നേടാനും സാധിക്കില്ല. പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. ഒരിക്കലും തോറ്റുപോകരുത്. ചിലർ ഗാന്ധർവ്വ വിവാഹവും ചെയ്തുകാണിക്കാറുണ്ട്. സന്യാസിമാർ പറയുന്നു വിവാഹം ചെയ്ത് പവിത്രമായി ജീവിക്കുക എന്നത് അസാധ്യമാണ്. ബാബ പറയുന്നു ഇത് സാധ്യമാണ്. കാരണം പ്രാപ്തി വളരെയധികമാണ്. ഈയൊരു അന്തിമജന്മം നിങ്ങൾ പവിത്രമാവുകയാണെങ്കിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ

ചക്രവർത്തീപദവി ലഭിക്കുന്നു. ഇത്രയും ഉയർന്ന പ്രാപ്തി ലഭിക്കുന്നതിനു വേണ്ടി നിങ്ങൾക്കെന്താ ഒരു ജന്മം പവിത്രമായിരിക്കാൻ സാധിക്കില്ലേ? അപ്പോൾ പറയും ബാബാ ഞങ്ങൾ തീർച്ചയായും പവിത്രമായിരിക്കും. സിക്ക് ധർമ്മത്തിലുള്ളവരും പവിത്രതയുടെ കങ്കണം (വള) അണിയുന്നു. ഇവിടെ പ്രത്യേക ചരട് ബന്ധിക്കേണ്ട ആവശ്യമൊന്നുമില്ല. ഇത് ബുദ്ധിയുടെ കാര്യമാണ്. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. കുട്ടികൾ വളരെയധികം പേർക്ക് കേൾപ്പിച്ചുകൊടുക്കുന്നുണ്ട്. പക്ഷേ ഉയർന്ന പദവിയിലിരിക്കുന്ന ആളുകളുടെ ബുദ്ധിയിലൊന്നും ഇത് ഇരിക്കില്ല. ബാബ പറയുന്നു ആദ്യം അവർക്ക് നല്ല രീതിയിൽ മനസ്സിലാക്കി ക്കൊടുക്കൂ- നമ്മൾ എല്ലാവരും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. ശിവബാബയിൽ നിന്നും സമ്പത്ത് ലഭിച്ചു കൊണ്ടിരിക്കുന്നു. പതിതത്തിൽ നിന്നും പാവനമായി മാറണം. എന്നെ മാത്രം ഓർമ്മിക്കൂ എന്ന് ആർക്കും പറയാൻ കഴിയില്ല. ആദ്യം അവരുടെ ബുദ്ധിയിൽ ഇരുത്തണം ഭാരതം നിർവികാരിയായിരുന്നു, ഇപ്പോൾ വികാരിയാണ് ഇനി വീണ്ടും എങ്ങനെ നിർവികാരിയാക്കും? ഭഗവാനുവാച എന്നെ മാത്രം ഓർമ്മിക്കൂ. ഇത്രയെങ്കിലും പറയുകയാണെങ്കിൽ അഹോ ഭാഗ്യം, പക്ഷേ ഇതുകൂടി പറയാൻ സാധിക്കുന്നില്ല. മറന്നു പോകുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഉദ്ഘാടനം ബാബ ചെയ്തുകഴിഞ്ഞു. ബാക്കി നിങ്ങൾ നിമിത്തമായി ചെയ്തുകൊണ്ടിരിക്കുന്നു. അടിത്തറ പാകിക്കഴിഞ്ഞു. ബാക്കി ഇപ്പോൾ സേവാസ്ഥാനങ്ങളുടെ ഉദ്ഘാടനം ഉണ്ടാകുന്നു. ഇവിടെ ഗീതയിലുള്ള കാര്യം തന്നെയാണ്, ഗീതയിലുണ്ട് - അല്ലയോ കുട്ടികളേ, നിങ്ങൾ കാമവികാരത്തിന്റെ മേൽ വിജയം പ്രപ്തമാക്കുകയാണെങ്കിൽ ജഗദ്ജീത്തായി മാറുന്നു, 21 ജന്മത്തേക്കു വേണ്ടി. സ്വയം ആകാൻ സാധിച്ചില്ലെങ്കിലും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ഇങ്ങനെ വളരെയധികം പേരുണ്ട് മറ്റുള്ളവരെ എഴുന്നേൽപ്പിച്ച് സ്വയം വീണുപോകുന്നവർ. കാമം മഹാശത്രുവാണ് ഒറ്റയടിക്ക് അഴുക്കു ചാലിലേക്ക് വീഴ്ത്തുന്നു. ഏതു കുട്ടികളാണോ കാമത്തിനു മേൽ വിജയം പ്രാപിക്കുന്നത് അവർ തന്നെയാണ് ജഗദ്ജീത്തായി മാറുന്നത്. ശരി !

വളരെക്കാലത്തെ വേർപ്പാടിനുശേഷം തിരിച്ചുകിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഈ അന്തിമ ജന്മത്തിൽ സർവ്വ പ്രാപ്തികളെയും മുന്നിൽ വെച്ച് പാവനമായി കാണിക്കണം. മായയുടെ വിഘ്നങ്ങളോട് ഒരിക്കലും തോറ്റു പോകരുത്.

2. ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. എങ്ങനെയാണോ ബ്രഹ്മാബാബ പുരുഷാർത്ഥം ചെയ്ത് നരനിൽ നിന്നും നാരായണനായിത്തീരുന്നത്, അതുപോലെ ബാബയെ അനുകരിച്ച് സിംഹാസനധാരിയായിത്തീരണം. ആത്മാവിനെ സതോപ്രധാനമാക്കുന്നതിനായി പ്രയത്നിക്കണം.

### വരദാനം:- അധികാരിയായി മാറി സമസ്യകളെ കളിച്ച്-കളിച്ച് മറി കടക്കുന്നവരായ ഹീറോ പാർട്ട് ധാരികളായി ഭവിക്കട്ടെ.

എങ്ങനെയുള്ള പരിതസ്ഥിതികളാകട്ടെ, സമസ്യകളാകട്ടെ പക്ഷെ സമസ്യകൾക്ക് കീഴടങ്ങരുത്, അധികാരിയായി മാറി സമസ്യകളെ അപ്രകാരം മറികടക്കൂ, കളിച്ച്-കളിച്ചുകൊണ്ട് മറികടക്കുന്നത് പോലെ. ബാഹ്യമായി കരച്ചിലിനുള്ള പാർട്ടാണെങ്കിലും ഉള്ളിലുണ്ടായിരിക്കണം ഇതെല്ലാം കളിയാണ്- ഇതിനെ പറയാം ഡ്രാമാ എന്നും ഡ്രാമയിലെ ഹീറോ പാർട്ട്ധാരികളാണ് നമ്മളെന്നും. ഹീറോ പാർട്ട്ധാരിയെന്നാൽ കൃത്യമായി പാർട്ട് അഭിനയിക്കുന്നവർ. അതിനാൽ കടുത്ത സമസ്യകളെപ്പോലും കളിയെന്ന് മനസ്സിലാക്കി ലാഘവമാക്കൂ, യാതൊരു ഭാരവുമുണ്ടാകരുത്.

### സ്ലോഗൻ:- സദാ ജ്ഞാനത്തെ സ്മരിച്ചുകൊണ്ടിരിക്കൂ എങ്കിൽ സദാ ഹർഷിതരായിരിക്കാം, മായയുടെ ആകർഷണത്തിൽ നിന്ന് രക്ഷപ്പെടാം.